# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5378 — 01.07.2019 ൽ മറുപടിക്ക്

### വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നതിനായി വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നിവയാണ് ഇ.ഡി. ക്ലബിന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇഡി ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്.<br>ഒരു ഇ.ഡി ക്ലബിന് ഒരു വർഷം 20,000/- രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു.<br><br>കൂടാതെ വിദ്യാർത്ഥികളിൽ സംരംഭകത്വ ശീലം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ബോധവൽക്കരണ ക്ലാസുകൾ സംസ്ഥാനത്തെ വിവിധ പോളി ടെക്നിക്കുകൾ, ITI കൾ, ആർട്സ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നു. സംരംഭകത്വ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കാൻ ഈ പരിപാടി കൊണ്ട് സാധ്യമാകും. |

| | | | |
|---|---|---|---|
| | | | സ്വന്തമായി നൂതന ആശയങ്ങളുമായി വരുന്ന യുവ വിദ്യാർത്ഥി സംരംഭങ്ങൾക്ക് വേണ്ടി പ്രാഥമിക മൂലധന സഹായവും (സീഡ് ഫണ്ട് സഹായം) ഇൻക്യൂബേഷൻ സൗകര്യങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ നൽകി വരുന്നു.<br><br>സീഡ് ഫണ്ട് സഹായ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധന സഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. |
| ബി) | വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നത് വ്യവസായ ഉന്നമനത്തിന് വൻ സാധ്യതകൾ സൃഷ്ടിക്കുമെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുള്ളതിനാൽ സാങ്കേതിക വിദ്യാഭ്യാസത്തിൽ ഇത്തരം മേഖലകൾ കൂടി സമന്വയിപ്പിച്ച് വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി വ്യവസായ വകുപ്പിന് സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ? | ബി) | സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് വ്യവസായ പരിശീലന വകുപ്പ് സാങ്കേതിക വകുപ്പ് എന്നിവ മുഖേനയാണ്. |

**സെക്ഷൻ ഓഫീസർ**